**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **07-02-2023 - ൽ മറുപടിയ്ക്ക്**

**നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി നിയമനം കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങളിലും, സർക്കാർ ഏജൻസികളിലും താൽക്കാലിക-കരാർ ജീവനക്കാരെ നിയമിക്കുന്നതെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയ്ക്ക് പുറത്തുവരുന്ന എല്ലാത്തരം ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തി താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ബി) | കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് പ്രകാരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുവാൻ സംസ്ഥാനത്ത് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ; | (ബി) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (പിറ്റി), റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവരെയും, 14 ജില്ലകളിലെയും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ ഉൾപ്പടെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥരെയും കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട് പ്രകാരമുള്ള സ്ഥാപന പരിശോധനകൾ നടത്തുന്നതിന് പരിശോധന അധികാരികളായി ചുമതല നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ആക്ട് പ്രകാരമുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നിയമിച്ച എത്ര താത്കാലിക ജീവനക്കാരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പിരിച്ചു വിട്ടിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസിസ് ആക്ട് പ്രകാരം നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും 195 ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ട് . ആയതിന്റെ വിശദാംശം **അനുബന്ധ**മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വകുപ്പ് /സ്ഥാപനം | തസ്തിക |
|---|---|
| ഹോമിയോ മെഡിക്കൽ കോളേജ് തിരുവനന്തപുരം | പാർട്ട് ടൈം സ്വീപ്പർ - 1<br>സ്വീപ്പർ/ക്ലീനർ -3<br>സാനിറ്റേഷൻ വർക്കർ -1 |
| ഡി എം ഒ (ഹോമിയോ) തിരുവനന്തപുരം | പാർട്ട് ടൈം സ്വീപ്പർ - 8<br>സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചർ -1<br>അറ്റൻഡർ -3<br>കുക്ക് -2 |
| കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവിയോൺമെൻറ് സെൻ്റർ,തിരുവനന്തപുരം | CAD/GIS ടെക്നീഷ്യൻ -34 |
| അനെർട്ട് ,തിരുവനന്തപുരം | ഡ്രൈവർ കം ഓഫീസ് അറ്റെൻഡൻറ് -3<br>ഡാറ്റ എൻട്രി ഓപ്പറേറ്റർ -1 |
| ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) തിരുവനന്തപുരം | ക്ലീനിംഗ് സ്റ്റാഫ് -1<br>പാർട്ട് ടൈം സ്വീപ്പർ -17<br>ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -20<br>ഫാർമസിസ്റ്റ് ഗ്രേഡ്- II -25<br>ക്ലാർക്ക് ടൈപ്പിസ്റ്റ് -10 |
| കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ തിരുവനന്തപുരം | സ്വീപ്പർ കം സ്കാവഞ്ചർ -4 |
| ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ | ഡാറ്റ എൻട്രി ഓപ്പറേറ്റർ 34<br>ഡ്രൈവർ -2 |
| CDIT | ഇലക്ട്രീഷ്യൻ -1 |
| ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് | പാർട്ട് ടൈം സ്വീപ്പർ -1 |
| ജില്ലാ ഖാദി ഗ്രാമവികസന ഓഫീസ് തിരുവനന്തപുരം | ഡാറ്റ എൻട്രി ഓപ്പറേറ്റർ -2 ,<br>ക്ലാർക്ക് -8 |
| മലപ്പുറം നഗരസഭാ | ഡ്രൈവർ -4<br>സാനിറ്റേഷൻ വർക്കർ 3<br>ജൂനിയർ ഹെൽത് ഇൻസ്പെക്ടർ -1 |

| | |
|---|---|
| എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസ്, കോഴിക്കോട് | ടൈപ്പിസ്റ്റ് –1 |
| കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഓഫീസ് , കോഴിക്കോട് | ഡ്രൈവർ –1 |
| ജില്ലാ ഫോറൻസിക് ലാബ് , കോഴിക്കോട് | സയന്റിഫിക് ലാബ് അസിസ്റ്റന്റ് –1 |
| കേരള മൽസ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് മേഖല ഓഫീസ് , കോഴിക്കോട് | ടൈപ്പിസ്റ്റ് –1 |
| കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മേഖല ഓഫീസ് , കോഴിക്കോട് | ഡ്രൈവർ –1 |

Kavitha I

**സെക്ഷൻ ഓഫീസർ**